പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1478 03.10 .2011ൽ മറുപടിയ്ക്ക്

മാറാട് സംഭവം

ചോദ്യം

ശ്രീ എളമരം കരീം :

എ) മാറാട് സംഭവത്തെ തുടർന്നുണ്ടായ സംഘർഷാവസ്ഥയ്ക്ക് പരിഹാരം കാണാൻ അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഗാന്ധിയൻ ശ്രീ. ഗോപിനാഥൻ നായരും, കോഴിക്കോട് പ്രസ്സ് ക്ലബ് പ്രതിനിധികളും, വിവിധ സംഘടനാ നേതാക്കളും പങ്കെടുത്ത് ഉണ്ടാക്കിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

മറുപടി

ശ്രീ ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

എ) മാറാട് സംഭവത്തെ തുടർന്നുണ്ടായ സംഘർഷാവസ്ഥയ്ക്ക് പരിഹാരം കാണാൻ ഗാന്ധിയൻ ശ്രീ ഗോപിനാഥൻ നായരുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ചേർന്ന ഹിന്ദു - മുസ്ലീം സംഘടനാ നേതാക്കളുടെ യോഗത്തിൽ മാറാട് സംഭവത്തിനു പിന്നിലെ ഗൂഢാലോചന, അന്തർ സംസ്ഥാന ബന്ധം, തീവ്രവാദ ബന്ധം എന്നിവ അന്വേഷിക്കുന്നതിന് ധാരണയായിരുന്നു. ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. എന്നാൽ മാറാട് നടന്ന ദുരന്ത സംഭവങ്ങളുടെ പേരിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അന്നത്തെ മുഖ്യമന്ത്രി ശ്രീ എ. കെ. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ ഒക്ടോബർ 4, 5, തീയതികളിൽ ചേർന്ന യോഗത്തിൽ മാറാട് സംഭവം സി. ബി. ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വച്ച്, നിയമവശം നോക്കി നടപടി സ്വീകരിക്കുന്നതിനും കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വർക്കും നഷ്ട പരിഹാരം നൽകുന്നതിനും കൊല്ലപ്പെട്ടവരുടെ ആശ്രിതരിൽ ഒരാൾക്ക് യോഗ്യത

നോക്കി സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും, മാറാട് പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മാറാട് പ്രദേശത്തിന്റെ വികസനത്തിന് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനും ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷനും മാറാടിൽ പോലീസ് സ്റ്റേഷനും സ്ഥാപിക്കുന്നതിനും മാറാട് പ്രശ്നത്തിന്റെ പേരിൽ നടന്ന സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കാൻ ശുപാർശ ചെയ്യുന്നതിനും മറ്റും ധാരണയായിരുന്നു.

ബി) ഈ സംഭവത്തെ സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്താൻ ശുപാർശ ചെയ്യുന്നതിന് അന്നത്തെ സർക്കാർ സന്നദ്ധമാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

ബി) മാറാട് സംഭവവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ മറ്റേതെങ്കിലും ഏജൻസിക്കു കൈമാറുന്നത് നിയമപരമായും വസ്തുതാപരമായും സാദ്ധ്യമല്ലെന്നും അത് കേസിനു ഗുണകരമല്ലെന്നും അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം സ്വീകരിച്ചതിനാലാണ് ഇക്കാര്യത്തിൽ സി. ബി. ഐ. അന്വേഷണം നടത്താൻ അന്നത്തെ സർക്കാർ ശുപാർശ ചെയ്യാതിരുന്നത്.

സി) സി. ബി. ഐ. അന്വേഷണം നടത്താൻ ആരെല്ലാം ആവശ്യപ്പെട്ടിരുന്നു :

സി) മാറാട് അരയ സമാജവും സംസ്ഥാനത്തെ ചില സാംസ്ക്കാരിക യുവജന സംഘടനകളും സി. ബി. ഐ. അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിരുന്നു.

ഡി) അന്വേഷണത്തെ ആരെല്ലാം എതിർത്തിരുന്നു ?

ഡി). അന്വേഷണത്തെ ആരെങ്കിലും എതിർത്തിരുന്നതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ